(ബി,സി) ഇതു സംബന്ധിച്ച് പല പരാതികളും ലഭിച്ചിട്ടുണ്ട്.

(ഡി,ഇ) ചിലരുടെ പരാതികൾ ലഭിച്ചിട്ടുണ്ട്. എന്നാൽ മൂന്ന് അംഗീകൃത യൂണിയനുകളും അംഗീകരിച്ച സമ്പ്രദായമാകയാൽ യാതൊരു നടപടിയുടെയും ആവശ്യമുള്ളതായി കരുതുന്നില്ല.

തെരഞ്ഞെടുപ്പ് മാറ്റി വയ്ക്കപ്പെട്ട പഞ്ചായത്തുകൾ

* 75 [83] ശ്രീ. ടി. എം. ജേക്കബ്:

,, എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര പഞ്ചായത്തുകളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ മാറ്റി വച്ചു;

(ബി) ഇവ മാറ്റി വയ്ക്കാനുള്ള കാരണം എന്താണ്;

(സി) പഞ്ചായത്തുകളിലെ വാർഡു പുനർവിഭജനം സംബന്ധിച്ച എല്ലാ പരാതികളിലും തീരുമാനം എടുത്തു കഴിഞ്ഞോ;

(ഡി) ഇതിന്റെ പേരിൽ ആരെങ്കിലും കോടതി വഴി സ്റ്റേ വാങ്ങിയതുകൊണ്ട് തെരഞ്ഞെടുപ്പു നടക്കാത്ത പഞ്ചായത്തുകൾ ഉണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഏതെല്ലാം എന്നു വ്യക്തമാക്കുമോ;

(എഫ്) മാറ്റി വച്ചിരിക്കുന്ന തെരഞ്ഞെടുപ്പുകൾ എന്നു നടത്തുവാനാണ് ഉദ്ദേശിക്കുന്നത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടിനഹ):

(എ) 66 പഞ്ചായത്തുകളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ മാറ്റി വച്ചിട്ടുണ്ട്.

(ബി) വാർഡ് വിഭജനം പൂർത്തിയാകാത്തതും പുതിയ പഞ്ചായത്തുകൾ രൂപവൽക്കരിക്കുന്നതും സംബന്ധിച്ചുള്ള കാരണങ്ങളാലാണ് തെരഞ്ഞെടുപ്പ് മാറ്റി വച്ചിട്ടുള്ളത്.

(സി) ഇല്ല. അഞ്ചു പഞ്ചായത്തുകളെ സംബന്ധിച്ച റിവിഷൻ ഹർജികളിൽ തീരുമാനമായിട്ടില്ല.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

(എഫ്) ഈ വർഷം തന്നെ നടത്താനാണ് ഉദ്ദേശിക്കുന്നത്.

ഇറക്കുമതി റബ്ബറിന് സബ്സിഡി

* 76 [84] ശ്രീ. പി. ജെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) ഇൻഡ്യയിൽ ഇറക്കുമതി ചെയ്യുന്ന റബ്ബറിന് സബ്സിഡി കൊടുക്കുവാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചതായുള്ള പത്ര വാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly